എന്നും ഏത് തീയതിക്കകം മൊത്തം എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കുമെന്നായിരുന്നു പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത് എന്നും വിശദമാക്കുമോ ?

ഉത്തരം

(എ) സ്മാർട്ട് സിറ്റി പദ്ധതിപ്രകാരം മൊത്തം 63 ലക്ഷം ച. അടി ഐ.ടി അധിഷ്ഠിത കെട്ടിടമാണ് വിഭാവനം ചെയ്തിട്ടുള്ളത്. 6.48 ലക്ഷം ച.അടി കെട്ടിടത്തിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്.

(ബി) ഐ.ടി. കമ്പനികളുമായുള്ള കരാർ നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) കരാർ പ്രകാരം ക്ലോസിംഗ് തീയതി മുതൽ 10 വർഷത്തിനകം 8.8 മില്യൺ ച. അടി നിർമ്മാണ വിസ്തൃതിയോടുകൂടിയ കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതും 90,000 തൊഴിലവസരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

സ്മാർട്ട് സിറ്റി പദ്ധതി

274 (619) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്മാർട്ട് സിറ്റി പദ്ധതിയുടെ അന്തിമ കരാറിൽ ഏർപ്പെട്ടത് ഏത് തീയതിയിലായിരുന്നു ; കരാർ വ്യവസ്ഥകൾ പ്രകാരം പിന്നിട്ട കാലയളവിനുള്ളിൽ സ്മാർട്ട് സിറ്റിയിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ടായിരുന്നു ; എത്ര പേർക്ക് പുതുതായി തൊഴിൽ നൽകുന്ന എത്ര ഐ.ടി. കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതുണ്ടായിരുന്നു ; വ്യവസ്ഥകൾ എല്ലാം പാലിക്കാറുണ്ടോ ; എങ്കിൽ എത്ര ശതമാനമെന്നും വിശദീകരിക്കുമോ ;

(ബി) ഇന്നത്തെ നിലയിൽ സ്മാർട്ട് സിറ്റി പദ്ധതി വിഭാവനം ചെയ്ത വിധത്തിൽ പൂർണസജ്ജമാകാൻ എത്ര സമയം വേണ്ടിവരുമെന്ന് കരുതുന്നു ;

(സി) പദ്ധതിക്കായി സർക്കാർ മൊത്തം എത്ര രൂപ നിക്ഷേപിച്ചുവെന്നും ടീകോം കമ്പനി എത്ര രൂപ നിക്ഷേപിച്ചുവെന്നും പദ്ധതിക്കുവേണ്ടി കടം എടുത്തത് എത്ര രൂപയെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ടീകോമുമായി ഫ്രെയിംവർക്ക് എഗ്രിമെന്റ് 13-5-2007-ലാണ് ഒപ്പിട്ടത്. കരാർ പ്രകാരം closing തീയതി മുതൽ 10 വർഷത്തിനകം 8.8 മില്യൺ ച. അടി. നിർമ്മാണ വിസ്തൃതിയോടുകൂടിയ കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതും 90,000 തൊഴിൽ വസരങ്ങൾ സൃഷ്ടിക്കേണ്ടതുമാണ്. അതിൽ 6.5 ലക്ഷം ച. അടി. വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. കെട്ടിട നിർമ്മാണം അന്തിമ ഘട്ടത്തിലാണ്.

(ബി) 2021 ആകുമ്പോഴേക്കും പൂർണ്ണ തോതിൽ പ്രവർത്തനക്ഷമമാകുമെന്ന് കരുതുന്നു.

(സി) പദ്ധതി നടത്തിപ്പിനായി സർക്കാർ യാതൊന്നും അനുവദിച്ചിട്ടില്ല. എന്നാൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തമായി 31.2 കോടി രൂപ നൽകിയിട്ടുണ്ട്. ടീകോം .കമ്പനിയുടെ നിക്ഷേപത്തെപ്പറ്റിയുള്ള വിവരങ്ങൾ സർക്കാരിൽ ലഭ്യമല്ല.

ടെക്നോപാർക്കിൽ സർക്കാരിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കമ്പനികൾ

275 (620) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ എത്ര കമ്പനികൾ തിരുവനന്തപുരം ടെക്നോപാർക്കിൽ പ്രവർത്തിക്കുന്നു എന്നറിയിക്കുമോ ;

(ബി) ടെക്നോപാർക്കുകളിൽ സംസ്ഥാന ഐ.ടി. വകുപ്പിന്റെ ചുമതലയിൽ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്ത് ;

(സി) ടെക്നോപാർക്കുകളിൽ സ്വകാര്യ കമ്പനികൾക്കുവേണ്ടി മാത്രം സ്ഥലം നൽകുന്ന നിലവിലുള്ള രീതി തുടരാതെ സർക്കാർ / പൊതുമേഖലാ ഐ.ടി. സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുന്നതിൽ എന്തെല്ലാം തടസ്സങ്ങൾ നിലവിലുണ്ട് ;

(ഡി) സർക്കാർ ഉടമസ്ഥതയിലുള്ള ടെക്നോപാർക്കുകളിൽ പൊതുമേഖലാ/ സർക്കാർ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ?